"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ഡോ സലീം മൊഹയ്ദീൻ പി എ ഫയൽ ചെയ്ത OA(EKM) 784/2025 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25-07-2025 തീയതിയിലെ ഉത്തരവ്- അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2993/2025/H&FWD തീയതി,തിരുവനന്തപുരം, 03-10-2025

---

പരാമർശം:-

1. 27-05-2025 തീയതിയിലെ സ.ഉ (സാധാ) നം. 1439/2025/H&FWD
2. OA (EKM) 784/2025 മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25-07-2025 തീയതിയിലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 25-08-2025 തീയതിയിലെ DHS/29166/2024-EB3 നമ്പർ കത്ത്

**ഉത്തരവ്**

ഡോ.സലീം മൊഹയ്ദീൻ പി എ-ക്ക് 14-11-2024 ലെ സ.ഉ (സാധാ) നം.2737/2024/H&FWD പ്രകാരം കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി മലപ്പുറം നിലമ്പൂർ ജില്ലാ ആശുപത്രിയിൽ നിയമനം നൽകിയിരുന്നു. നിലമ്പൂർ ജില്ലാ ആശുപത്രി വാസസ്ഥലത്തുനിന്നും വളരെ ദൂരെയാണെന്നും, ആയതിനാൽ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രിയിൽ 01.06.2025-ന് വിരമിക്കൽ മുഖാന്തിരം ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് നിയമിക്കണം എന്ന് ആവശ്യപ്പെട്ട് ഡോ.സലീം മൊഹയ്ദീൻ ബഹു.ട്രൈബ്യൂണൽ മുൻപാകെ OA (EKM)No.252/2025 ഫയൽ ചെയ്തിരുന്നു. പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വരാൻ പോകുന്ന ഒഴിവിലേക്ക് സ്ഥലം മാറ്റം ലഭിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ സമർപ്പിച്ച നിവേദനത്തിൻമേൽ (Annexure A5) ഒരു മാസത്തിനകം ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശം നൽകി OA(EKM) 252/2025 നമ്പർകേസ് 13/02/2025 തീയതിയിലെ ഉത്തരവ് പ്രകാരം ബഹു.ട്രൈബ്യൂണൽ തീർപ്പാക്കിയിരുന്നു. എന്നാൽ അപേക്ഷകന്റെ ആവശ്യം നിരസിച്ച് കൊണ്ടാണ് പരാമർശം (1) പ്രകാരമുള്ള അനുവർത്തന ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. ടി

ഉത്തരവിന് എതിരെ ഡോ സലീം മൊഹയ്ദീൻ OA(EKM) No.784/2025 ഫയൽ ചെയ്തിരുന്നു.

2. OA (EKM) 784/2025 മേലുള്ള പരാമർശം (2) ഉത്തരവിൽ അപേക്ഷകൻ നിലവിൽ സമർ പ്പിച്ചിരിക്കുന്ന Annexure A7 മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ അപേക്ഷകൻ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ സ്ഥലംമാറ്റം നൽകുന്ന വിഷയം പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിക്ക് ബഹു.ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു. കൂടാതെ പരാമർശം (1) റദ്ദ് ചെയ്യുകയും ചെയ്തിരുന്നു.

3. പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 01.06.2025-ന് നിലവിൽ വന്ന കൺസൾട്ടന്റ് (ഗൈനക്കോളജി) ഒഴിവിൽ ഇത് വരെ നിയമനം നടത്തിയിട്ടില്ലെന്നും, പ്രസ്തുത ഒഴിവിലേയ്ക്ക് മറ്റാരും അപേക്ഷ സമർപ്പിച്ചിട്ടില്ലെന്നും ഡോ.സലിം മൊഹയ്ദ്ദീൻ 24.09.2016 മുതൽ 31.03.2023-വരെ പൊന്നാനി താലൂക്ക് ആശുപത്രിയിലും, 01.04.2023 മുതൽ 15.01.2025 വരെ പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ജോലി നോക്കിയിരുന്നുവെന്നും, ഈ രണ്ടു ആശുപത്രികളും 15 കി.മീ. ചുറ്റളവിനുള്ളിൽ സ്ഥിതി ചെയ്യുന്നതിനാൽ ഒരേ സ്റ്റേഷനായി കണക്കാക്കപ്പെടുന്നുവെന്നും, കൂടാതെ 18.09.2010 മുതൽ 27.06.2015 വരെ ടിയാൻ പൊന്നാനി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജോലി ചെയ്തിട്ടുണ്ടെന്നും ആയതിനാൽ ഒരേ വ്യക്തി 5 വർഷത്തിൽ കൂടുതൽ കാലയളവ് ഒരു പ്രത്യേക സ്റ്റേഷനിൽ തന്നെ തുടരുന്നത് അഭികാമ്യമല്ല എന്നും ആയതിനാൽ ഡോ.സലിം മൊഹയ്ദ്ദീനെ പൊന്നാനി സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിയമനം നൽകേണ്ടതില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടേയും ആശുപത്രിയിൽ 01.06.2025-ന് വിരമിക്കൽ മുഖാന്തിരം ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് നിയമിക്കണം എന്ന ആവശ്യം ഉന്നയിച്ചാണ് ഡോ സലീം മൊഹയ്ദീൻ OA(EKM)784/2025 ഫയൽ ചെയ്തിരുന്നത്. പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ 01.06.2025-ന് നിലവിൽ വന്ന കൺസൾട്ടന്റ് (ഗൈനക്കോളജി) ഒഴിവിൽ ഇത് വരെ നിയമനം നടത്തിയിട്ടില്ല. കൂടാതെ പ്രസ്തുത ഒഴിവിലേയ്ക്ക് നിയമനം ലഭിക്കുന്നതിനായി മറ്റാരും അപേക്ഷ സമർപ്പിച്ചിട്ടില്ല. മേൽ സാഹചര്യത്തിൽ ഡോ.സലീം മൊഹയ്ദ്ദീന് പൊന്നാനി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ കൺസൾട്ടന്റ് (ഗൈനക്കോളജി) തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 784/2025 മേലുള്ള

പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം
Dr Saleem Mohayideen P A, Palamadathil House, Maramuttom, Purangu, Ponnani, Malappuram- 679583
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

Signed by
ഉത്തരവിൻ പ്രകാരം
Anupama G Nair
Date: 03-10-2025 16:25:18

സെക്ഷൻ ഓഫീസർ

<u>മേലെഴുത്ത് കത്ത്നം.DHS/29166/2024-EB3തീയതി 06-10-2025</u>

അനുപാലന ഉത്തരവിൻറെ പകർപ്പ് അറിവിലേക്കും അനന്തരനടപടികൾക്കുമായി വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

Signed by
Reena K J
Date: 06-10-2025 07:43:33
ആരോഗ്യവകുപ്പ് ഡയറക്ടർ